സാധുജന പരിപാലന സംഘത്തിന്റെ ആരംഭം

മൂന്നുവർഷത്തോളം വെങ്ങാനൂർ കാർഷികസമരം നീണ്ടുപോയി. അതിനിടയിൽ ജന്മിമാർ 12 നായന്മാരെ കൃഷിക്കായി കൊണ്ടുവന്നെങ്കിലും അവരെല്ലാം അത് ഉപേക്ഷിച്ചുപോയി. ഒടുവിൽ രാജഭരണകൂടം ഇടപെട്ടു. സമരം ഒത്തുതീർപ്പാക്കാൻ അന്നത്തെ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കണ്ടലനാഗൻപിള്ളയെ അന്വേഷണ ഉദ്യോഗസ്ഥനായി ദിവാൻ വി.എസ്. റാവു നിയമിച്ചു. നാഗൻപിള്ളയുടെ ഇടപെടൽകൊണ്ട് കാർഷികസമരം ഒത്തുതീർക്കുകയും അയിത്തജാതിക്കുട്ടികൾക്ക് സ്കൂൾ പ്രവേശനം ഉറപ്പുവരുത്തിക്കൊണ്ട് 1907ൽ ആദ്യത്തെ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തു.

2015ലെ ആ കറുത്ത ഓർമകളിൽ മലയാളികൾ

» **നേപ്പാളിലെ ഭൂകമ്പ ദുരന്തത്തിൽ കണ്ണൂർ, കാസർകോട് സ്വദേശികളായ യുവ ഡോക്ടർമാരുടെ ജീവൻ പൊലിഞ്ഞിരുന്നു**

അസീസ് കേളകം

കേളകം: പ്രകൃതിദുരന്തം നേപ്പാളിനെ വീണ്ടും പിടിമുറുക്കിയപ്പോൾ ആശങ്കയിലായ നാടിന്റെ ഓർമയിൽ ഓടിയെത്തുന്നത് 11 കൊല്ലം മുമ്പത്തെ മറ്റൊരു ദുരന്തത്തിന്റെ കണ്ണീർ സ്മരണ. 11 വർഷങ്ങൾക്ക് മുൻപ്, 2015 ഏപ്രിൽ 25ന്റെ കറുത്ത ദിനത്തിൽ കാഠ്മണ്ഡുവിനെ വിറപ്പിച്ച മഹാഭൂകമ്പം കവർന്നെടുത്തത് കേരളത്തിന്റെ അഭിമാനമായ രണ്ട് യുവ ഡോക്ടർമാരുടെ ജീവനായിരുന്നു. സേവനപാതയിൽ നാടിന് തണലായി മാറേണ്ട രണ്ട് ദീപങ്ങൾ അവിടെ അണഞ്ഞുപോയി. നേപ്പാളിൽ നിന്ന് പ്രകൃതിദുരന്തത്തിന്റെ ഏത് വാർത്തയെത്തുമ്പോഴും മലയാളക്കരയുടെ മനസ്സിൽ ആദ്യം തെളിയുന്നത് ഡോ. ദീപക് കെ. തോമസിന്റെയും ഡോ. എ.എസ്. ഇർഷാദിന്റെയും മുഖങ്ങളാണ്.

കണ്ണൂർ കണിച്ചാർ കുണ്ടേരി സ്വദേശിയായ ഡോ. ദീപക് കെ. തോമസ് വയനാട് എടവക പി.എച്ച്.സിയിലെ മെഡിക്കൽ ഓഫിസറായിരുന്നു. കളപ്പുരക്കൽ തോമസ്-മോളി ദമ്പതികളുടെ ഏക മകനായിരുന്നു ദീപക്. കാസർകോട് ആനബാഗിലു സ്വദേശിയായ ഡോ. എ.എസ്. ഇർഷാദ് മാനന്തവാടി ജില്ലാ ആശുപത്രിയിലാണ് സേവനമനുഷ്ഠിച്ചിരുന്നത്.

ഷംസുദ്ദീൻ-ആസിയ ദമ്പതികളുടെ മകനായ ഇർഷാദും ദീപകും, സുഹൃത്തുക്കളും ചേർന്ന് നടത്തിയ ആ സൗഹൃദ വിനോദയാത്ര ഒടുവിൽ അവരുടെ അവസാന യാത്രയായി മാറുകയായിരുന്നു. സുഹൃത്തുക്കൾ പരിക്കുകളോടെ രക്ഷപ്പെട്ടു. ആ രണ്ടു കുടുംബങ്ങളുടെയും നാടിന്റെയും കണ്ണീർ ഇന്നും തോർന്നിട്ടില്ല.

അപകട മുനമ്പായി മുഴപ്പിലങ്ങാട് മഠം

» **രണ്ട് പേരുടെ മരണത്തിനിടയാക്കിയ ഇവിടെയാണ് ടി.കെ.ഡിയെയും ഇടിച്ചുതെറിപ്പിച്ചത്**



ജീവൻ പണയം വെച്ച് ദേശീയപാത കടക്കുന്ന വീട്ടമ്മമാർ

മുഴപ്പിലങ്ങാട്: ജനിച്ചു വളർന്ന നാടിനൊപ്പം അറിയപ്പെട്ട ടി.കെ.ഡി മുഴപ്പിലങ്ങാടിന്റെ വേർപാടിന് കാരണമായ വാഹനാപകടം നടന്നത് ദേശീയപാതയിലെ മുഴുപ്പിലങ്ങാട് മഠം. അക്ഷരാർഥത്തിൽ ഇവിടം ദേശീയ പാതയിലെ അപകടമുനമ്പായി. കഴിഞ്ഞ 18നാണ് ടി.കെ.ഡി മുഴപ്പിലങ്ങാട് വീട്ടിലേക്ക് നടന്നു പോകാൻ പാത മുറിച്ചു കടക്കവെ കാറിടിച്ചത്. ഗുരുതര പരിക്കേറ്റ് ദിവസങ്ങളോളം കോഴിക്കോട് ആശുപത്രിയിൽ കഴിഞ്ഞു. വ്യാഴാഴ്ച പുലർച്ച മരിച്ചു.

കഴിഞ്ഞ ദിവസം ബൈക്ക് യാത്രികനും അപകടത്തിൽ പെട്ടിരുന്നു. ഇവിടെ റോഡ് മുറിച്ചു കടക്കാനുള്ള വഴിയിൽ ബൈക്ക് യാത്രികരും കടന്ന് പോകുന്നത് പതിവായിട്ടുണ്ട്.

നിരവധി കുടുംബങ്ങൾ താമസിക്കുന്ന തീരദേശത്താണ് ടി.കെ.ഡിയുടെയും വീട് നിലകൊള്ളുന്നത്. പുതിയ ദേശീയപാത വന്നപ്പോൾ വഴിമുട്ടിയ ജനം അടിപ്പാതക്ക് വേണ്ടി നിരന്തരം മുറവിളി കൂട്ടി സമരം ചെയ്തപ്പോൾ സമര പന്തലിലെത്തി ഐക്യദാർഢ്യം അറിയിച്ചിരുന്നതും നാട്ടുകാർ ഓർക്കുന്നു.

നീണ്ട മാസത്തെ പന്തൽ കെട്ടി സമരത്തിന് ഒടുവിലാണ് അടിപ്പാതയില്ല മേൽപ്പാത തരാമെന്ന് പറഞ്ഞു സമരം അവസാനിപ്പിച്ചെങ്കിലും അവിടെ ഇപ്പോൾ രണ്ടുമില്ലാത്ത അപകടമുനമ്പായി മാറിയെന്നാണ് നാട്ടുകാർ ചൂണ്ടിക്കാട്ടുന്നത്.

ഇതിനകം നടന്ന അപകടങ്ങളിൽ ഒരു സ്ത്രീയും ഒരു യുവാവും മരണപ്പെട്ടിരുന്നു. ഇപ്പോഴിതാ മുഴപ്പിലങ്ങാടിന്റെ ടി.കെ ഡിയും. അടിപ്പാതക്ക് വേണ്ടിയുള്ള നിരന്തര സമരത്തിനൊടുവിലാണ് നടപ്പാത യാഥാർഥ്യമാക്കുമെന്ന് അധികൃതർ ഉറപ്പ് കൊടുത്തത്. ഇതോടെയാണ് മാസങ്ങൾ നീണ്ട സമരം അവസാനിപ്പിച്ചത് എന്നാൽ നടപ്പാതയുടെ അടിത്തറയുടെ നിർമാണം ആരംഭിച്ചെങ്കിലും പാതി വഴിയിൽ നിർത്തി വെച്ചിരിക്കുകയാണ്. എത്രയും പെട്ടെന്ന് നടപ്പാത നിർമിച്ചില്ലെങ്കിൽ ഇവിടെ അപകടം തുടരുമെന്നാണ് നാട്ടുകാർ പറയുന്നത്.

സ്ത്രീകളും കുട്ടികളും നാട്ടുകാരും ജീവൻ പണയം വെച്ചാണ് ദിനേന പാത മുറിച്ചു കടക്കുന്നത്. ഇനിയൊരപകടമുണ്ടാകുന്നതിന് മുമ്പ് അധികൃതർ വേണ്ട മുൻകരുതൽ എടുക്കണമെന്നാണ് നാട്ടുകാർ ചൂണ്ടിക്കാട്ടുന്നത്.

ചീറിപ്പാഞ്ഞു വരുന്ന വാഹനങ്ങൾ, അതിനിടയിലെ മുറിച്ച് കടക്കൽ ജീവൻ പണയം വെച്ചുള്ളതാണ്. ശ്രദ്ധയൊന്ന് തെറ്റിയാൽ അപകടം കൺമുന്നിലെത്തുന്ന അവസ്ഥയാണ്.

ബാലറാം ചെസിന് പയ്യന്നൂരിൽ ഇന്ന് തുടക്കം

പയ്യന്നൂരിൽ നടക്കുന്ന അഖിലേന്ത്യ ഫിഡെ റേറ്റഡ് ചെസ് ടൂർണമെന്റിന്റെ ഭാഗമായി ചിന്മയ വിദ്യാലയത്തിലെത്തിയ റഷ്യൻ ഗ്രാൻഡ് മാസ്റ്റർ പീറ്റർ കിരിയാകോവ് 30 കളിക്കാരേ ഒറ്റക്ക് നേരിടുന്നു

പയ്യന്നൂർ: പയ്യന്നൂർ മിഡ്ടൗൺ റോട്ടിയുടെയും കണ്ണൂർ ജില്ല ചെസ് അസ്സോസിയേഷന്റെയും ആഭിമുഖ്യത്തിൽ നടക്കുന്ന അഖിലേന്ത്യ ഫിഡെ റേറ്റഡ് ചെസ് ടൂർണമെൻറിന് ഇന്ന് തുടക്കമാവും. ടൂർണമെൻറിന്റെ ഭാഗമായി ചിന്മയ വിദ്യാലയത്തിലെത്തിയ റഷ്യൻ ഗ്രാൻഡ് മാസ്റ്റർ പീറ്റർ കിരിയാകോവ് വ്യാഴാഴ്ച 30 മികച്ച കളിക്കാരേ ഒറ്റക്ക് നേരിട്ടു.

ഉച്ചക്ക് കണ്ണൂർ വിമാനത്താവളത്തിൽ എത്തിയ ഗ്രാൻറ് മാസ്റ്ററെ വിമാനത്താവളത്തിൽ നിന്നും ആനയിച്ച് കളിസ്ഥലമായ അന്നൂർ ചിന്മയ വിദ്യാലത്തിൽ എത്തിച്ച് സ്വീകരണം നല്കി. സ്വീകരണയോഗത്തിൽ ചെസ് അസോസിയേഷൻ ജില്ല പ്രസിഡൻറ് വി. ശിവസാമി അധ്യക്ഷത വഹിച്ചു.

ഡോ.കെ ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. വി.പി. മനോഹരൻ സ്വാഗതം പറഞ്ഞു. കെ. സുരേന്ദ്രൻ, ഗംഗാധരൻ മേലേടത്ത്, ഡോ. ഗൗതം ഗോപിനാഥ്, സുഗുണേഷ് ബാബു , പി. ഈശ്വരൻ, വി.പി. രാജീവൻ, പ്രഫ. ദേവദാസ് എന്നിവർ സംസാരിച്ചു. ഇന്ത്യയിലേയും വിദേശത്തെയും 300 ലധികം മികച്ച താരങ്ങൾ ഏറ്റുമുട്ടുന്ന ടൂർണമെൻറ് 31 ന് അവസാനിക്കും.

സാംസ്കാരിക മന്ത്രിയും പ്രതിപക്ഷ നേതാവും അനുശോചിച്ചു

കണ്ണൂർ: ടി.കെ.ഡി. മുഴപ്പിലങ്ങാടിന്റെ നിര്യാണത്തിൽ സംസ്കാരിക മന്ത്രി പി.സി. വിഷ്ണുനാഥ് അനുശോചിച്ചു. എഴുത്തുകാരൻ എന്ന നിലയിലും നാടകപ്രവർത്തകൻ എന്ന നിലയിലും പ്രഭാഷകനായും കലാസംഘാടകനായും അദ്ദേഹം നൽകിയ സംഭാവനകൾ സാംസ്കാരിക കേരളം എന്നും ഓർമിക്കുമെന്ന് മന്ത്രി അനുസ്മരിച്ചു.

പിണറായി വിജയൻ

മുഖ്യമന്ത്രിയുടെയും സംസ്ഥാന സർക്കാരിന്റെയും പേരിൽ ജില്ല കലക്ടർ പുഷ്പചക്രം സമർപ്പിക്കും.കണ്ണൂർ: ടി.കെ.ഡി. മുഴപ്പിലങ്ങാടിന്റെ നിര്യാണത്തിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ അനുശോചിച്ചു.

സാഹിത്യത്തിന്റെ വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച ടി.കെ.ഡി അഭിനേതാവായും ശ്രദ്ധ നേടിയതായും ബന്ധുക്കളുടേയും ഉറ്റവരുടേയും ദുഃഖത്തിൽ പങ്കുചേരുന്നതായും പിണറായി അനുസ്മരിച്ചു.

കെ. സുധാകരൻ

കണ്ണൂർ: എഴുത്തുകാരനും നാടകപ്രവർത്തകനും പ്രഭാഷകനുമായ ടി.കെ.ഡി. മുഴപ്പിലങ്ങാടിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നതായും കലാസാംസ്കാരിക മേഖലയിൽ സ്വയം അടയാളപ്പെടുത്തിയ വ്യക്തിയാണ് അദ്ദേഹമെന്നും കെ. സുധാകരൻ എംപി അറിയിച്ചു. മലയാള സാഹിത്യത്തിനും നാടകവേദിക്കും സാംസ്കാരിക രംഗത്തിനും സമർപ്പിതമായ ജീവിതമായിരുന്നു ടി.കെ.ഡി. മുഴപ്പിലങ്ങാടിന്റേത്.

കണ്ണൂരിന്റെ സാംസ്കാരിക ജീവിതത്തെ സജീവമാക്കുന്നതിലും പുതിയ തലമുറയിലെ കലാകാരന്മാർക്കും എഴുത്തുകാർക്കും പ്രചോദനമാകുന്നതിലും വിലപ്പെട്ട പങ്ക് വഹിച്ചതായും എം.പി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

മാർട്ടിൻ ജോർജ്

കണ്ണൂർ: ടി.കെ.ഡി. മുഴപ്പിലങ്ങാടിന്റെ ആകസ്മികമായ വേർപാടിൽ ഡി.സി.സി പ്രസിഡന്റ് അഡ്വ മാർട്ടിൻ ജോർജ് അനുശോചിച്ചു. വിവിധ മേഖലകളിൽ തന്റെ സർഗപ്രതിഭ തെളിയിച്ച വ്യക്തിയായിരുന്നു ടി.കെ.ഡിയെന്ന് മാർട്ടിൻ ജോർജ് പറഞ്ഞു.

ടി.കെ.ഡിയെന്ന ബഹുമുഖ പ്രതിഭ

ബഷീർ കളത്തിൽ

അവസാനശ്വാസം വരെ തന്റെ കർമ മണ്ഡലത്തിൽ സജീവമായിരിക്കുകയെന്നത് ടി.കെ.ഡി. മുഴുപ്പിലങ്ങാടിന്റെ കാര്യത്തിൽ അതിശയോക്തി പരമല്ല. എൺപത് വയസ്സുള്ള ശരീരവും പതിനെട്ട് വയസ്സുകാരന്റെ മനസ്സുമാണെനിക്ക് എന്നാണ് ടി.കെ.ഡി എപ്പോഴും പറഞ്ഞിരുന്നത്. അവസാന ശ്വാസത്തോളം കലാസാഹിത്യ സംബന്ധമായ പ്രവർത്തനങ്ങളിൽ അദ്ദേഹം സജീവമായി. ഒരു സാഹിത്യ പരിപാടി കഴിഞ്ഞു തിരിച്ചു വരവേ റോഡ് മുറിച്ചു കടക്കുമ്പോഴാണ് മരണത്തിലേക്ക് നയിച്ച വാഹനാപകടമുണ്ടായത്. പരിക്കിൽനിന്ന് മുക്തമായി തിരിച്ചുവരുമെന്ന പ്രതീക്ഷയിലായിരുന്നു നാട്. ഒടുവിൽ ടി.കെ.ഡി വിടവാങ്ങിയെന്ന വാർത്ത നാട് ശ്രവിച്ചു.

മലയാള കലാസാഹിത്യ രംഗത്ത് വിശ്രമമില്ലാതെ പ്രയത്നിച്ച് സർവ മേഖലകളിലും വ്യക്തിമുദ്രപതിപ്പിച്ച പ്രതിഭയാണ് ടി.കെ.ഡി. ഏഴ് പതിറ്റാണ്ട് എഴുത്തിലും വേദിയിലും അണിയറയിലും പ്രസാധന രംഗത്തും ഏകാന്ത തേരാളിയായി നിലകൊണ്ടു.

വിഷയത്തിന്റെ ആധികാരികതയെ ഒട്ടും വികലമാക്കാതെ ലക്ഷണമൊത്ത പ്രഭാഷകനായിരുന്നു അദ്ദേഹം. ആ പ്രഭാഷണ ശൈലി പലപ്പോഴും ആശ്ചര്യപ്പെടുത്തിയിട്ടുണ്ട്. പ്രായം തളർത്താത്ത സജീവതയാണ് ടി.കെ.ഡിയെ വേറിട്ടു നിർത്തുന്നത്.

നാടക രചന- സംവിധാനം, കഥാകാരൻ, കവി, സാഹിത്യ നിരൂപകൻ, ചരിത്രകാരൻ, ബാലസാഹിത്യം, പുരാണ കഥകളുടെ പുനരാഖ്യാനം, അനുഷ്ഠാന കലകളുടെ ഗവേഷകൻ, യാത്രാ വിവരണം, മാപ്പിള കലാസാഹിത്യ പ്രവർത്തകൻ തുടങ്ങി ടി.കെ.ഡി കൈ വെക്കാത്ത മേഖലകളില്ല.

പ്രവാചകൻ മുഹമ്മദ് നബിയുടെ ജീവിത സന്ദേശത്തെ ഹൃദ്യമായ ശൈലിയിൽ രചിച്ച കൃതിയാണ് 'വഴിവിളക്ക്'. സ്വതന്ത്ര പത്രപ്രവർത്തന രംഗത്ത് ടി.കെ.ഡി സാഹസികയജ്ഞം തന്നെ നടത്തി. എക്സ്റേ, നവത (സമ്പൂർണ നോവൽ മാസിക) നവതമാസിക, ബാലകഥാമാസിക എന്നിങ്ങനെ അഞ്ചിലധികം ആനുകാലികങ്ങൾ വർഷങ്ങളോളം കണ്ണൂരിൽ നിന്നും മുഴപ്പിലങ്ങാട് നിന്നുമായി പ്രസിദ്ധീകരിച്ചിരുന്നു. ഇവയുടെ എഴുത്തുകാരനും അച്ചുനിരത്തുന്നതും പ്രൂഫ് റീഡിങ്ങും പ്രിന്റിങ് ജോലിയുമെല്ലാം നിർവഹിച്ചിരുന്നത് ഇദ്ദേഹം ഒറ്റക്കായിരുന്നു.

കലാസാഹിത്യത്തിന്റെ ഭൂമികയിൽ തന്റെ നിയോഗം നിറവേറ്റിയ ടി.കെ.ഡി, കലാസാഹിത്യമേഖലയെ സജീവമാക്കുന്നതിൽ എപ്പോഴും മുമ്പിൽ നിന്നു. ശരീരഭാഷ കൊണ്ടും ശാരീരം കൊണ്ടും എളിമയുടെ ആൾരൂപമായി. സ്വപ്രയത്നം കൊണ്ട് സാധിച്ചെടുത്ത സാഹിതീ സമ്പത്താണ് ടി.കെ.ഡിയുടെ കൈമുതൽ.

(തനിമ കലാസാഹിത്യ വേദി കണ്ണൂർ ജില്ല മുൻ പ്രസിഡന്റാണ് ലേഖകൻ)

കണ്ണൂർ സിറ്റി ഹെറിറ്റേജിന്റെ 1000 പൈതൃക യാത്രയിൽ പങ്കെടുത്തവർ

1000 പൈതൃക നടത്തങ്ങൾ പൂർത്തിയാക്കി സിറ്റി ഹെറിറ്റേജ്

കണ്ണൂർ: കണ്ണൂരിലെ ആയിരം സെഷനുകൾ എന്ന നേട്ടവുമായി സിറ്റി ഹെറിറ്റേജിന്റെ പൈതൃക നടത്തങ്ങൾ. കണ്ണൂരിൽ നിന്നുള്ള പ്രമുഖ സംരംഭകൻ മുഹമ്മദ് മദനിയും അദ്ദേഹത്തിന്റെ ഭാര്യയും മക്കളും ഉൾപ്പെടെയുള്ളവർക്ക് വേണ്ടി പ്രത്യേകം സംഘടിപ്പിച്ച പൈതൃക യാത്രയോടുകൂടിയാണ് ആയിരം നേട്ടം കൈവരിച്ചത്.

2018 സെപ്റ്റംബറിൽ ആരംഭിച്ച് പൈതൃക സാംസ്കാരിക ടൂറിസം മേഖലയിൽ ദേശീയ- അന്തർദേശീയ അംഗീകാരങ്ങൾ നേടിയാണ് സിറ്റി ഹെറിറ്റേജ് ആയിരം സെഷനുകൾ പൂർത്തിയാക്കുന്നത്. കണ്ണൂരിൽ നിന്നും ആരംഭിച്ച് മലബാറിലാകെ വ്യാപിച്ച പൈതൃക സാംസ്കാരിക സെഷനുകൾ ഉത്തര കേരളത്തിലെ ടൂറിസം മേഖലയിലെ ശ്രദ്ധേയമായ ചുവടുവെപ്പായി ഇതിനകം ശ്രദ്ധ നേടി. വിദ്യാർഥികൾ, ഗവേഷകർ, സഞ്ചാരികൾ തുടങ്ങിയവർ ഇതിനകം പൈതൃക യാത്രയുടെ ഭാഗമായി കഴിഞ്ഞു.

16 രാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളും വിവധ സെഷനുകളിൽ ഈ യാത്രയുടെ ഗുണഭോക്താക്കളായി. വൈകിട്ട് മാപ്പിള ബേയിൽ നടന്ന ആയിരാമത്തെ യാത്രക്ക് സിറ്റി ഹെറിറ്റേജ് ഫൗണ്ടറും സ്റ്റോറി ടെല്ലറുമായ മുഹമ്മദ് ശിഹാദ് യാത്രക്ക് നേതൃത്വം നൽകി. ഷർമിന മുഹമ്മദ് മദനി, മക്കൾ സിയ ഫാത്തിമ, നാസിഷ് മുഹമ്മദ്, സഹാ ഫാത്തിമ, കുടുംബങ്ങളായ അയിഷ മാർഷാദ്, ഷബീർ. ടി, മുസ്തഫ. കെ., മുഹമ്മദ് ഷറഫുദ്ദീൻ എന്നിവരും യാത്രയിൽ പങ്കാളിയായി.

സിറ്റി ഹെറിറ്റേജ് ടീമംഗങ്ങളായ യാസീൻ, അമ്പിളി , രൻജിത്ത്, ഹസീബ്, തസ്ലീം എന്നിവരും പങ്കെടുത്തു. കണ്ണൂരിന്റെ കല പൈതൃകം സംസ്കാരം ഭക്ഷണം ചരിത്രം ആർക്കിടെക്ചർ തുടങ്ങി വിവിധ വിഷയങ്ങളിൽ സിറ്റി ഹെറിറ്റേജ് നിരവധി പരിപാടികൾ ഇതിനകം സംഘടിപ്പിച്ചിട്ടുണ്ട്. സിറ്റി ഹെറിറ്റേജിന്റെ ആദ്യ യാത്ര മുതൽ ഒപ്പം നിന്ന എല്ലാവരെയും ഈ ദിനത്തിൽ ഓർക്കുന്നുവെന്ന് ഫൗണ്ടർ മുഹമ്മദ് ശിഹാദ് പറഞ്ഞു.

മരുഭൂമിയുടെ വിശാലതയും കടക്കുന്ന വാർത്തകളുടെ ലോകം
MiD EAST HOUR

MEDIA one **മീഡിയവൺ**

എല്ലാ ദിവസവും രാത്രി 11ന്

06.00 ന്യൂസ് അപ്ഡേറ്റ്
06.30 ഫാസ്റ്റ് ന്യൂസ്
07.00 ന്യൂസ് മോർണിംഗ്
10.00 സീറോ അവർ
11.30 ഫാസ്റ്റ് ന്യൂസ്
12.00 സീറോ അവർ
01.00 ഫസ്റ്റ് റൗണ്ട് അപ്പ്
01.30 ഫാസ്റ്റ് ന്യൂസ്
02.00 ന്യൂസ് അപ്ഡേറ്റ്
02.30 ഫാസ്റ്റ് ന്യൂസ്
03.00 ന്യൂസ് അപ്ഡേറ്റ്
03.30 ഫാസ്റ്റ് ന്യൂസ്
04.00 ഈവനിംഗ് എഡിഷൻ
06.00 ഈവനിംഗ് ന്യൂസ്
06.30 ഫാസ്റ്റ് ന്യൂസ്
07.00 ഫൈനൽ ആർഗിമെന്റ്
08.00 സ്പെഷ്യൽ എഡിഷൻ
09.00 ന്യൂസ് ഡീകോഡ്
09.30 ഔട്ട് ഓഫ് ഫോകസ്
10.00 ഷാർപ് 10
10.30 നൈറ്റ് റിപ്പോർട്ട്
11.00 മിഡ് ഈസ്റ്റ് അവർ

» വിപണി

സ്വർണവില കുറഞ്ഞു

കോഴിക്കോട്: സ്വർണവില പവന് 117800 രൂപയായി. തങ്കം, വെള്ളി വിലകളും കുറഞ്ഞു.

സ്വർണം	117800
തങ്കം	153100
വെള്ളി	247000
വെളിച്ചെണ്ണ	27000
കൊപ്ര എടുത്തപടി	16900
കൊപ്ര റാസ്	16500
കൊപ്ര ദിൽപസന്ത്	17000
കൊപ്ര രാജപ്പൂർ	29000
കൊപ്ര ഉണ്ട	23000
പിണ്ണാക്ക് റോട്ടറി	3700
പിണ്ണാക്ക് എക്സ്പല്ലർ	3100
നാളികേരം നാടൻ	
,, വടകര കൊട്ടതേങ്ങ	19300 21300
,, ചെറിയ കൊട്ടതേങ്ങ	20300 21300
,, വലിയ കൊട്ടതേങ്ങ	23300 25300
ചൂടി കൊയിലാണ്ടി -1	9100
ചൂടി കൊയിലാണ്ടി -2	8300
ചൂടി ബേപ്പൂർ -1	6500
ചൂടി ബേപ്പൂർ - 2	6000
കുരുമുളക് പുതിയത്	
,, നാടൻ	66500
,, ചേട്ടൻ	68000
,, വയനാടൻ	69000
ചുക്ക്	30000 32500
മഞ്ഞൾ	8000
അടയ്ക്ക പുതിയത്	33000 35500
ഏലം പച്ച	1050
റബ്ബർ ആർ.എസ്.എസ്.4	28000
റബ്ബർ ആർ.എസ്.എസ്.5	25000
റബ്ബർ ഒട്ടുപാൽ	15500
ഉണക്ക കപ്പ	2570

കണ്ണൂർ

വെളിച്ചെണ്ണ	4300
ബോക്സ്	2700
കൊപ്ര	15700
തേങ്ങ	5500
പിണ്ണാക്ക്	3800
കുരുമുളക്	67,000
അടക്ക പുതിയത്	37,000
അടക്ക പഴയത്	37,000
പഞ്ചസാര -	6200
വെല്ലം-6000-	6200
പച്ചരി-	3400
കുറുവ-	4300
ബോധന-	4000
പൊന്നി-	5800
റോസ്-	4700
മൈദ-	2130

വയനാട്

കുരുമുളക് വയനാടൻ	69000
കുരുമുളക് ചേട്ടൻ	68000
കാപ്പിപ്പരിപ്പ് (ക്വി)	38000
ഉണ്ട കാപ്പി (ക്വി)	21500
റബർ	27100
ഇഞ്ചി	5000
നേന്ത്രക്കായ	4000

വിസ്ഡം ഗേൾസ് ജില്ല സമ്മേളനം സമാപിച്ചു

മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന വിസ്ഡം ഗേൾസ് ജില്ല സമ്മേളനം വിസ്ഡം ഇസ്ലാമിക് ഗേൾസ് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ ഹനീന ഉദ്ഘാടനം ചെയ്യുന്നു

കണ്ണൂർ: സ്ത്രീയെ വിപണിമൂല്യമുള്ള ചരക്കാക്കി മാറ്റുന്നതിനെതിരെ നിലകൊള്ളാൻ മുന്നോട്ടുവരണമെന്ന് വിസ്ഡം ഇസ്ലാമിക് ഗേൾസ് ഓർഗനൈസേഷൻ ജില്ല സമ്മേളനം ആവശ്യപ്പെട്ടു. വിവാഹം, വിവാഹമോചനം, അനന്തരാവകാശം തുടങ്ങിയ എല്ലാ മേഖലയിലും സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിച്ച മതമാണ് ഇസ്ലാം.

എന്നാൽ ചിലർ സ്വാർഥ താൽപര്യങ്ങൾക്ക് വേണ്ടി അതിനെ ദുർവ്യാഖ്യാനം ചെയ്ത് ദുരുപയോഗം ചെയ്തതിന്റെ പരിണിതിയാണ് ഇന്ന് സമൂഹം അനുഭവിക്കുന്നത്. ഇസ്ലാമിക പ്രമാണങ്ങളിലേക്ക് തിരിച്ചു നടക്കലാണ് പരിഹാരമെന്നും സമ്മേളനം അംഗീകരിച്ച പ്രമേയം വ്യക്തമാക്കി. വിസ്ഡം ഇസ്ലാമിക് ഗേൾസ് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ ഹനീന സമ്മേളനം ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് ഫിദ ഫൈസൽ അധ്യക്ഷത വഹിച്ചു.

കോർപറേഷൻ ഡെപ്യൂട്ടി മേയർ കെ.പി. താഹിർ മുഖ്യാതിഥിയായി.

മലപ്പുറം ജില്ല പഞ്ചായത്ത് മെമ്പറും എം.എസ്.എഫ് സംസ്ഥാന വൈസ് പ്രസിഡന്റുമായ ഡോ. ആയിഷാ ബാനു മുഖ്യ പ്രഭാഷണം നടത്തി. വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ ജില്ല പ്രസിഡന്റ് ഇസ്മായിൽ കിണവക്കൽ, വിസ്ഡം യൂത്ത് ജില്ലാ സെക്രട്ടറി എ.സി. ശിഹാബുദ്ദീൻ, വിസ്ഡം സ്റ്റുഡന്റ്സ് ജില്ല സെക്രട്ടറി ഷാക്കിർ അൽ ഹികമി, വിസ്ഡം വുമൺ ജില്ല പ്രസിഡന്റ് സൈനബ റഹൂഫ, വിസ്ഡം ഗേൾസ് ജില്ല സെക്രട്ടറി അമാന അബ്ദുല്ല എന്നിവർ സംസാരിച്ചു.

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

അസറ്റ് റിക്കവറി മാനേജ്മെന്റ് ശാഖ, കോഴിക്കോട്
ശതാബ്ദി ഭവൻ, മിനി ബൈപാസ് റോഡ്,
ഗോവിന്ദപുരം, കോഴിക്കോട് – 673016, E-mail: cs8269@pnb.bank.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്വൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ - ലേല വിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പ്രതീകാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചു കൊള്ളുന്നു. കരുതൽ വിലയും നിരതദ്രവ്യ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

ലോട്ട് നം.	ശാഖയുടെ പേര്/അക്കൗണ്ടിന്റെ പേര് / വായ്പക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി ഡി) കൈവശമെടുത്ത രീതി പ്രതീകാത്മക/ പ്രത്യക്ഷമായി/ക്രിയാത്മകമായി	(എ) കരുതൽ വില (ബി) നിരതദ്രവ്യം (സി) ലേല വർദ്ധന തുക (ലക്ഷം)
1	ശാഖ: ARMB കോഴിക്കോട് **റിംസൺ കുര്യാക്കോസ് & ജാനറ്റ് എം.ജെ** **1) റിംസൺ കുര്യാക്കോസ്** നമ്മനാരിയിൽ, ചെട്ടിയാംപറമ്പ് കേളകം പി.ഒ, കണ്ണൂർ- 670674 **2) ശ്രീമതി. ജാനറ്റ് എം. ജെ,** W/o റിംസൺ നമ്മനാരിയിൽ, ചെട്ടിയാംപറമ്പ് കേളകം പി.ഒ, കണ്ണൂർ- 670674	കണ്ണൂർ ജില്ലയിൽ, ഇരിട്ടി താലൂക്കിൽ, കേളകം അംശം & ദേശത്ത്, റീ.സർവേ നം.339/113 ൽ പെട്ട ശ്രീമതി.ജാനറ്റ് എം.ജെ. വക 0.0688 ഹെക്ടർ സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും തന്നിലെ സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: കിഴക്ക്:** വാളുവെട്ടിക്കൽ തോമസ് കൈവശം സ്ഥലം, **വടക്ക്:** പട്ടിക വസ്തുവിലേക്കും കൂടി ഉപയോഗിക്കാവുന്ന 3 മീറ്റർ വീതിയിലുള്ള സ്വകാര്യ റോഡും വാളുവെട്ടിക്കൽ തോമസ് കൈവശം സ്ഥലവും, **പടിഞ്ഞാറ്:** സോമശേഖരൻ കാർത്ത്യായനി വാളുവെട്ടിക്കൽ തോമസ് ഇവരുടെ കൈവശം സ്ഥലങ്ങൾ, **തെക്ക്:** 2 അടി നടവഴി.	(എ) 10-09-2025 (ബി) 31.07.2026 ലെ രൂപ 43,41,661.42 യും 01.08.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) 06-01-2026 (ഡി) പ്രതീകാത്മക കൈവശം	(എ) രൂപ 51.89 (ബി) രൂപ 5.189 (സി) രൂപ 0.10

സെക്യൂർഡ് ക്രഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: നിലവിൽ ഇല്ല

ഇ - ലേല തീയതിയും സമയവും: **06-10-2026** ന് രാവിലെ **11.00** മണി മുതൽ വൈകിട്ട് **5.00** മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: **05-10-2026**

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി **03-10-2026**

ഇ - ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും: വിൽപന, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. (1) വസ്തുക്കളുടെ വിൽപന **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും. (2) മേൽപ്പറഞ്ഞ വസ്തുക്കളിൽ വസ്തുക്കളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം ഉള്ള വിവരങ്ങളാണ്. എന്നാൽ ഈ നോട്ടീസിലെ ഏതെങ്കിലും തെറ്റുകൾ, തെറ്റായ പ്രസ്താവനകൾ എന്നിവയ്ക്ക് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. (3) ഇ - ലേല വിൽപന ഓൺലൈൻ മുഖാന്തിരം **06-10-2026 രാവിലെ 11.00 മണിക്കും വൈകിട്ട് 05.00 മണിക്കും** ഇടയിൽ **https:// www.baanknet.com** എന്ന പോർട്ടലിലൂടെ മാത്രമായിരിക്കും നടത്തപ്പെടുക. ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https:// www.baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

(ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, സെക്യൂർഡ് ക്രെഡിറ്റർ

തീയതി: 28-08-2026, **സ്ഥലം:** കോഴിക്കോട്